പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1113 — 11-02-2016 - ൽ മറുപടി നൽകേണ്ടത്

## ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതിലുള്ള ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>,, സി.കെ സദാശിവൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ.കെ.നാരായണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതിൽ സി-ആപ്റ്റിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടക്കുന്നതായി ആരോപണം ഉയർന്നിരുന്നോ; ഇതു സംബന്ധിച്ച് ധനപരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | എ) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് ആരോപണം ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ധനപരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) സി-ആപ്റ്റ് എം.ഡിയ്ക്കെതിരെ നടപടിക്ക് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശയുണ്ടായിരുന്നോ; ഇതു സംബന്ധിച്ച ഫയലിൽ വകുപ്പ് മന്ത്രിയുടെ അഭിപ്രായമെന്തായിരുന്നു; പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു തെളിഞ്ഞിട്ടും എം.ഡി. ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ; | ബി) ബാധകമല്ല |

| | |
|---|---|
| സി) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; വിജിലൻസ് റിപ്പോർട്ടിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | സി) & ഡി)<br><br>ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് വി.ഇ. 03/14/എസ്.ഐ.യു.- II നമ്പറായി ഒരു വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊഫ.സജിത്ത് വിജയരാഘവനെ വിജിലൻസ് (ബി) വകുപ്പിന്റെ 01/01/2016 -ാം തീയതിയിലെ ജി.ഒ. (ആർ.റ്റി) നം. 02/2016/വിജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.ഡി.യെ സസ്പെന്റ് ചെയ്യുകയുണ്ടായോ; എങ്കിൽ സസ്പെഷൻ ഉത്തരവ് ഏത് വകുപ്പിൽ നിന്നാണ് പുറപ്പെടുവിപ്പിച്ചതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ